| | |
|---|---|
| **15-ാം സങ്കീർത്തനം**<br>(സീയോനെ മശിഹായെ)<br>ആർ നിവസിക്കും യാഹെ നിൻ ശിബിരത്തിൽ<br>ഏവൻ പാർക്കും നിർമ്മലമാം നിന്മലയിൽ<br>അകളങ്കം നീതി പുലർത്തുന്നോൻ<br>നിജമനസ്സാ നേരുരചെയ്യുന്നോൻ<br>തൻനാവാൽ പൊളിവചനം ലവലേശം പറയാത്തോൻ<br>തൻ കൂട്ടാളിക്കുപകാരം ചെയ്യുന്നോൻ<br>മാനക്കേടാൽ സ്നേഹിതരെ താഴ്ത്താത്തോൻ<br>കശ്മലരെ കയ്പായ് കരുതുന്നോൻ<br>സാത്വികരെ ബഹുമാനിക്കുന്നോൻ<br>നഷ്ടം നേരിട്ടാലും സത്യത്തെ വെടിയാത്തോൻ<br>ആർ നിവസിക്കും യാഹെ നിൻ ശിബിരത്തിൽ<br>ഏവൻ പാർക്കും നിർമ്മലമാം നിന്മലയിൽ<br>തൻ ദ്രവ്യം പലിശയ്ക്കേകാത്തോൻ<br>അപരാധം ചെയ്യാത്തോനെതിരായ്<br>കോഴയഹോ വാങ്ങാത്തോൻ<br>നിസ്തുലനായ് നിലകൊള്ളും | 15-nnaam sangkeer_ththanam<br>(seeyone masihaaye)<br>aar nivasikkum yaahe nin sibiraththil<br>evan paar_kkum nir_mmalamaam ninmalayil<br>akalangkam neethi pular_ththunnon<br>nijamanassaa neruracheyyunnon<br>than_naavaal polivachanam lavalesam parayaaththon<br>than koottaalikkupakaaram cheyyunnon<br>maanakkedaal snehithare thaazhththaaththon<br>kasmalare kaypaay~ karuthunnon<br>saathvikare bahumaanikkunnon<br>nashdam nerittaalum sathyaththe vediyaaththon<br>aar nivasikkum yaahe nin sibiraththil<br>evan paar_kkum nir_mmalamaam ninmalayil<br>than dravyam palisaykkekaaththon<br>aparaadham cheyyaaththonethiraay~<br>kozhayaho vaangngaaththon<br>nisthulanaay~ nilakollum |